**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4716** **19-07-2022 - ൽ മറുപടിയ്ക്ക്**

**അഗ്രിഫെസ്റ്റിന്റെ ചെലവുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഒ . ആർ. കേളു** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | 2011-2016 സർക്കാരിന്റെ കാലത്ത് മാനന്തവാടിയിൽ നടന്ന അഗ്രിഫെസ്റ്റ് പരിപാടിയുമായി ബന്ധപ്പെട്ട് യുവജനകാര്യ വകുപ്പ് ചെലവാക്കിയ തുകയുടെ വിശദാംശങ്ങൾ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള വിജിലൻസ് അന്വേഷണം നിലവിൽ ഉണ്ടോ; | (എ) | ഉണ്ട്. |
| (ബി) | യുവജനകാര്യ വകുപ്പ് ചെലവാക്കിയ തുകയുടെ കൃത്യമായ കണക്ക് വകുപ്പിന്റെ കൈയിൽ ഉണ്ടോ; | (ബി) | ട്രൈബൽ ഫെസ്റ്റിന്റെ ചെലവുകൾക്കായി വയനാട് ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർക്ക് 20 ലക്ഷം രൂപ അനുവദിക്കുകയും, പ്രോഗ്രാം നടത്തേണ്ടത് വർക്കിംഗ് ചെയർമാൻ നാഷണൽ അഗ്രിഫെസ്റ്റും, മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റും മുഖേന ആകേണ്ടതുമാണ് എന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. വയനാട് ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർക്ക് അനുവദിച്ച 20 ലക്ഷം രൂപയിൽ നിന്ന് അഗ്രിഫെസ്റ്റ് സംഘാടക സമിതി ചെയർമാനായിരുന്ന മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന് കൈമാറിയ 10 ലക്ഷം രൂപയുടെ ചെലവ് കണക്ക് ലഭ്യമല്ല. ബാക്കി 10 ലക്ഷം രൂപയുടെ ചെലവ് കണക്ക് ചുവടെ ചേർക്കുന്നു.<br><br>കലാപരിപാടികൾ 9,79,000/-രൂപ<br>യാത്രാബത്ത 960/- രൂപ<br>ഭക്ഷണം 1,694/-രൂപ<br>**ആകെ 9,81,654/- രൂപ**<br>ബാക്കി 18,346/-രൂപ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ബാങ്ക് അക്കൗണ്ടിൽ തിരികെ നിക്ഷേപിച്ചു. |
| (സി) | എങ്കിൽ അത് എത്ര രൂപയാണെന്നും ഈ തുക | (സി) | ട്രൈബൽ ഫെസ്റ്റിന്റെ ചെലവുകൾക്കായി വയനാട് |

| | | | |
|---|---|---|---|
| | എന്തിനൊക്കെ ചെലവാക്കിയതാണെന്നുമുള്ള വിവരം ലഭ്യമാക്കാമോ? | | ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർക്ക് 20 ലക്ഷം രൂപ അനുവദിക്കുകയും, പ്രോഗ്രാം നടത്തേണ്ടത് വർക്കിംഗ് ചെയർമാൻ നാഷണൽ അഗ്രിഫെസ്റ്റും, മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റും മുഖേന ആകേണ്ടതുമാണ് എന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. വയനാട് ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർക്ക് അനുവദിച്ച 20 ലക്ഷം രൂപയിൽ നിന്ന് അഗ്രിഫെസ്റ്റ് സംഘാടക സമിതി ചെയർമാനായിരുന്ന മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന് കൈമാറിയ 10 ലക്ഷം രൂപയുടെ ചെലവ് കണക്ക് ലഭ്യമല്ല. ബാക്കി 10 ലക്ഷം രൂപയുടെ ചെലവ് കണക്ക് ചുവടെ ചേർക്കുന്നു.<br><br>കലാപരിപാടികൾ 9,79,000/-രൂപ<br>യാത്രാബത്ത 960/- രൂപ<br>ഭക്ഷണം 1,694/-രൂപ<br>**ആകെ 9,81,654/- രൂപ**<br>ബാക്കി 18,346/-രൂപ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ബാങ്ക് അക്കൗണ്ടിൽ തിരികെ നിക്ഷേപിച്ചു. |

സെക്ഷൻ ഓഫീസർ